©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

## ഇരുപത്തിനാലാമത് റിപ്പോർട്ട്

(2024 ജനുവരി 30-ാം തീയതി സമർപ്പിച്ചത്)

**2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിൻ (2016-ലെ 10-ാം ആക്റ്റ്) കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ (എസ്.ആർ.ഒ.നം. 254/2016, 385/2019, 33/2020) സൂക്ഷ്മപരിശോധന സംബന്ധിച്ചത്.**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

# (2023-2026)

## ഇരുപത്തിനാലാമത് റിപ്പോർട്ട്

(2024 ജനുവരി 30-ാം തീയതി സമർപ്പിച്ചത്)

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിൻ (2016-ലെ 10-ാം ആക്റ്റ്) കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ-കളുടെ (എസ്.ആർ.ഒ.നം. 254/2016, 385/2019, 33/2020) സൂക്ഷ്മപരിശോധന സംബന്ധിച്ചത്.

171/2024.

## ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| അവതാരിക | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം I (എസ്.ആർ.ഒ. നമ്പർ | 254/2016) | .. | 7 |
| അനുബന്ധം II (എസ്.ആർ.ഒ. നമ്പർ | 385/2019) | .. | 10 |
| അനുബന്ധം III (എസ്.ആർ.ഒ. നമ്പർ | 33/2020) | .. | 16 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

**ഘടന**

ചെയർമാൻ :

ശ്രീ. എം. എം. മണി, എം. എൽ. എ.

അംഗങ്ങൾ :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം. എൽ. എ.

ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.

ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.

ശ്രീ. എം. മുകേഷ്, എം. എൽ. എ.

ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ.

ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.

ശ്രീ. സജീവ് ജോസഫ്, എം. എൽ. എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി.ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർമാനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കൾ (എസ്.ആർ.ഒ.നം. 254/2016, 385/2019, 33/2020), കമ്മിറ്റിയുടെ 20-7-2023-ലെ യോഗത്തിൽ സമിതി സൂക്ഷ്മപരിശോധന നടത്തുകയും വനിത ശിശു വികസനം, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

ഈ വിഷയത്തിൽ സമിതി നടത്തിയ ചർച്ചകളുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ, ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2023 ഡിസംബർ 20-ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,

ചെയർമാൻ,

*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,
2024 ജനുവരി 30.

# റിപ്പോർട്ട്

**[2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ പരിശോധന സംബന്ധിച്ച്.]**

സംയോജിത ശിശു വികസന സേവന പദ്ധതി പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അങ്കണവാടികളിലെ അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമത്തിനും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുമായി പ്രത്യേകം ക്ഷേമനിധി രൂപീകരിക്കുകയെന്ന ലക്ഷ്യത്തോടുകൂടി 9-1-2016-ൽ നിലവിൽ വന്നതാണ് കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ഓർഡിനൻസ്, 2016 (2016-ലെ 5). പ്രസ്തുത ഓർഡിനൻസിലെ 10(1)-ാം വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് 4-3-2016-ൽ പുറപ്പെടുവിച്ചതാണ് എസ്.ആർ.ഒ. നം.254/2016 (4-3-2016-ലെ സ.ഉ.(പി.)നം.5/2016/ എസ്.ജെ.ഡി.). പ്രസ്തുത ഓർഡിനൻസ് റദ്ദാക്കിക്കൊണ്ട് നിലവിൽ വന്ന 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് (2016-ലെ 10)-ലെ വകുപ്പ് 10(1)-ൽ, നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും എസ്.ആർ.ഒ.നം. 254/2016 ഭേദഗതി ചെയ്തുകൊണ്ടും പുറപ്പെടുവിച്ചതാണ് എസ്.ആർ.ഒ.നം. 385/2019 (1-6-2019-ലെ സ.ഉ.(പി.)നം.7/2019/സാ.നീ.വ.). ആക്റ്റിലെ 28-ാം വകുപ്പ് പ്രകാരം കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് 16-1-2020-ൽ എസ്.ആർ.ഒ.നം. 33/2020 (6-1-2020-ലെ സ.ഉ.(പി.)നം.1/2020/സാ.നീ.വ.) പുറപ്പെടുവിക്കുകയുണ്ടായി.

2. മേൽ സൂചിപ്പിച്ച എസ്.ആർ.ഒ.-കളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി വനിത ശിശു വികസനം, നിയമം എന്നീ വകുപ്പ് ഉദ്യോഗസ്ഥരുമായി, 2023 ജൂലൈ 20-ാം തീയതി സമിതി ചർച്ച നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

## എസ്.ആർ.ഒ. നം.254/2016

3. എസ്. ആർ. ഒ.-യുടെ പീഠികയുടെ രണ്ടാം വരിയിലെ ' … section 10 of the Kerala Anganawadi Workers' ... 'എന്നത് ' ……… sub-section (1) of section 10 of the Kerala Anganawadi Workers' …….. 'എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

4. എസ്. ആർ. ഒ.-യിലെ പട്ടികയിലെ 8, 9, 10, 11 എന്നീ ക്രമ നമ്പരുകളിൽ, അംഗങ്ങളുടെ ഉദ്യോഗപ്പേര് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി കണ്ടെത്തിയിരുന്നു. ആയതിൽ അംഗങ്ങളുടെ പേര് വിവരങ്ങൾ രേഖപ്പെടുത്താത്തതിന്റെ കാരണമെന്തെന്നും അംഗങ്ങളെ നിശ്ചയിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് രേഖപ്പെടുത്തി എസ്.ആർ.ഒ. പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും സമിതി അന്വേഷിക്കുകയുണ്ടായി. 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് നിലവിൽ വന്നതിന് ശേഷം സാമൂഹ്യനീതി വകുപ്പിനെ വനിത ശിശു വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നീ രണ്ട് വകുപ്പുകളായി വിഭജിച്ചിരുന്നുവെന്നും നിലവിൽ ടി ക്ഷേമനിധി വനിത ശിശു വികസന വകുപ്പിൻ കീഴിലാണെങ്കിലും ക്ഷേമനിധി ബോർഡിലെ നിലവിലെ ഔദ്യോഗികാംഗങ്ങളുടെ പേരും തസ്തികയും രേഖപ്പെടുത്തി പരിഷ്കരിച്ച 2019-ലെ വിജ്ഞാപനത്തിൽ 'അഡീഷണൽ സെക്രട്ടറി, വനിത ശിശു വികസന വകുപ്പ്' എന്നതിനു പകരം 'അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

## എസ്.ആർ.ഒ. നം. 385/2019

5. <u>എസ്.ആർ.ഒ.- യിലെ പീഠികയുടെ മൂന്നാം വരിയിലെ ' അധികാരങ്ങള് ' എന്നത് ' അധികാരങ്ങൾ ' എന്നാക്കി തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

6. എസ്.ആർ.ഒ.-യിലെ മലയാളം, ഇംഗ്ലീഷ് പതിപ്പുകളുടെ പട്ടികയിലെ ക്രമ നം. V-ൽ 'അഡീഷണൽ സെക്രട്ടറി സാമൂഹ്യനീതി വകുപ്പ്' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് കണ്ടെത്തിയ സമിതി, വകുപ്പിൽ ഒന്നിൽക്കൂടുതൽ അഡീഷണൽ സെക്രട്ടറിമാർ ഉണ്ടാകാൻ സാഹചര്യമുള്ളതിനാൽ ആയതിൽ അംഗത്തിന്റെ പേരു വിവരം രേഖപ്പെടുത്താത്തതിന്റെ കാരണം അന്വേഷിച്ചിരുന്നു. സാമൂഹ്യ നീതി വകുപ്പിനെ വിഭജിച്ച് രൂപീകരിച്ച വനിത ശിശു വികസന വകുപ്പിൽ , നിലവിൽ ഒരു അഡീഷണൽ സെക്രട്ടറി മാത്രമേ ഉള്ളൂവെന്നും ഒന്നിൽ കൂടുതൽ അഡീഷണൽ സെക്രട്ടറിമാർ ആകുന്ന പക്ഷം അവരുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു.

7. <u>നിലവിൽ അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡ്, സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ അല്ലാത്തത് കൊണ്ടും ആയത് വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ ആയത് കൊണ്ടും എസ്.ആർ.ഒ-യിലെ പട്ടികയിലെ ക്രമ നമ്പർ V-ലെ 'അഡീഷണൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ് ' എന്നത് 'അഡീഷണൽ സെക്രട്ടറി, വനിത ശിശു വികസന വകുപ്പ്' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.</u>

## എസ്.ആർ.ഒ. നം. 33/2020

**[2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ചട്ടങ്ങൾ ]**

8. ചട്ടങ്ങളുടെ പീഠികയുടെ രണ്ടാം വരിയിലെ ' ...... ക്ഷേമനിധി ആക്ടിലെ ( 2016-ലെ 10-ാം ആക്ട് ) ..... ' എന്നത് ' ...... ക്ഷേമനിധി ആക്റ്റിലെ ( 2016-ലെ 10-ാം ആക്റ്റ് ) ..... ' എന്നും ചട്ടം 2(1)-ന്റെ മൂന്നാം വരിയിലെ ' "ആക്ട് " എന്നാൽ 2016-ലെ ..... ' എന്നത് '"ആക്റ്റ്" എന്നാൽ 2016-ലെ ..... ' എന്നുമാക്കി തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. ചട്ടം (4)-ന്റെ തലക്കെട്ടിലെ 'ഹോണറേറിയം' എന്നത് 'ഓണറേറിയം' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

10. ആക്റ്റിൽ ഓണറേറിയത്തെ സംബന്ധിച്ച് യാതൊന്നും പ്രതിപാദിക്കുന്നില്ലായെന്നും എന്നാൽ, നിലവിൽ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് മുഖേന ബോർഡ് ചെയർമാന് ഓണറേറിയം നൽകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ചട്ടങ്ങളുടെ സൂക്ഷ്മപരിശോധനാ വേളയിൽ, നിയമ വകുപ്പിനോട് മേൽ വിഷയം സംബന്ധിച്ച അഭിപ്രായം സമിതി ആരായുകയുണ്ടായി. ആക്റ്റിൽ വ്യവസ്ഥ ചെയ്യാതെ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം ചെയർമാന് ഓണറേറിയം നൽകുന്നതിൽ അപാകതയുണ്ടെന്നും നിലവിൽ ചെയർമാന് നൽകിക്കൊണ്ടിരിക്കുന്ന തുക നിർത്തലാക്കുന്നത് പല വൈഷമ്യങ്ങൾക്കും കാരണമാകുമെന്നും ആക്റ്റ് ഭേദഗതി ചെയ്യുമ്പോൾ മുൻകാല പ്രാബല്യം നൽകി ആയത് സാധൂകരിക്കുന്നതിനുള്ള വ്യവസ്ഥ കൊണ്ടുവരാൻ കഴിയുമെന്നും നിയമ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ, ആക്റ്റിൽ വ്യവസ്ഥ ചെയ്യാതെ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം ബോർഡ് ചെയർമാന് ഓണറേറിയം നൽകുന്നതിൽ അപാകതയുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ചെയർമാന്റെ ഓണറേറിയം സംബന്ധിച്ച എക്സിക്യൂട്ടീവ് ഉത്തരവിലെ വ്യവസ്ഥ ചട്ടത്തിൽ ഉൾപ്പെടുത്തുന്നതിനും അദ്ദേഹത്തിന് ഓണറേറിയം നൽകി വരുന്നതിന് നിയമസാധുത നൽകത്തക്ക രീതിയിൽ ആക്റ്റിൽ ഭേദഗതി വരുത്തുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

11. ചട്ടം 4(2), 4(3) എന്നിവയുടെ മൂന്നാം വരിയിലെ 'യാത്രാപ്പടി' എന്നത് ആക്റ്റിലും ചട്ടം 4-ന്റെ തലക്കെട്ടിലും ഉള്ളതുപോലെ 'യാത്രാബത്ത' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

12. ബോർഡിന്റെ സി.ഇ.ഒ-യുടെ യോഗ്യതയുമായി ബന്ധപ്പെട്ട 2019-ലെ ഭേദഗതി ഓർഡിനൻസിലെ ഖണ്ഡം 3(ii)-ൽ, "സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്കു പകരം "വനിതാ ശിശു വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ എന്ന വാക്കുകൾ ചേർക്കേണ്ടതാണ്" എന്നായിരുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു. ആയത് പ്രകാരം, ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വനിതാ ശിശു വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടറുടെ പദവിയിൽ

താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാക്കുന്നു. എന്നാൽ, ചട്ടം 5(1)(എ)-യിൽ, 'വനിതാശിശു വികസന വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെയോ സംസ്ഥാന സർവ്വീസിൽ തത്തുല്യ പദവിയിലുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനെയോ അന്യത്ര സേവന വ്യവസ്ഥയിൽ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സർക്കാരിന് നിയമിക്കാവുന്നതാണ്' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും 'അന്യത്ര സേവന വ്യവസ്ഥയിൽ' എന്ന് ആക്റ്റിൽ ഇല്ലാത്ത വ്യവസ്ഥ , ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും സമിതി കണ്ടെത്തി. സി. ഇ. ഒ.-യുടെ ഉദ്യോഗപദവി ആക്റ്റിൽ വ്യക്തമാക്കുമ്പോൾ ചട്ടത്തിൽ അതിൽ നിന്നും വ്യത്യസ്തമായി രേഖപ്പെടുത്തിയത് ഉചിതമാണോയെന്നും ആയതിന്റെ കാരണമെന്താണെന്നും നിയമ വകുപ്പിനോട് സമിതി ആരാഞ്ഞിരുന്നു. ആക്റ്റിൽ ഇല്ലാത്ത കാര്യമാണ് ചട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ടി നടപടി ആക്റ്റിന് വിരുദ്ധമായി കാണുന്നുവെന്നും ആയത് ഒഴിവാക്കുകയോ അല്ലെങ്കിൽ ആക്റ്റ് ഭേദഗതി വരുത്തുകയോ വേണമെന്നും നിയമ വകുപ്പ് ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടിരുന്നു. കൂടാതെ, നിലവിൽ അന്യത്ര സേവന വ്യവസ്ഥയിലുള്ള ഒരാളെയാണ് സി.ഇ.ഒ.-യായി ബോർഡിൽ നിയമിച്ചിട്ടുള്ളതെന്നും ടി നിയമനം നടത്തിയത് ഭരണപരമായ സൗകര്യത്തിനായതുകൊണ്ടും ആക്റ്റ് ഭേദഗതി ചെയ്യാൻ കഴിയുമോയെന്ന കാര്യത്തിൽ സംശയമുണ്ടെന്നും ചട്ടം ഭേദഗതി ചെയ്യുന്ന പക്ഷം നിലവിലെ സി.ഇ.ഒ.-യെ തൽസ്ഥാനത്ത് നിന്നും മാറ്റേണ്ടി വരുമെന്നും ടി നടപടി പല വൈഷമ്യങ്ങൾക്കും കാരണമാകുമെന്നും വനിത ശിശു വികസന വകുപ്പ് ഉദ്യോഗസ്ഥർ സമിതി മുൻപാകെ വിശദീകരിച്ചിരുന്നു.

13. <u>ചട്ടങ്ങൾ രൂപീകരിക്കുന്നത് ആക്റ്റ് പ്രകാരം തന്നെയാകണമെന്നും ആക്റ്റിന് വിരുദ്ധമായി മേൽ സൂചിപ്പിച്ച തരത്തിലുള്ള നടപടികൾ സമിതിയ്ക്ക് അംഗീകരിക്കാൻ കഴിയില്ലെന്നും ചട്ടങ്ങളുടെ രൂപീകരണത്തിൽ വകുപ്പ് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. ഈ സാഹചര്യത്തിൽ, ആക്റ്റിൽ പരാമർശിച്ചിട്ടില്ലാത്ത 'അന്യത്രസേവന വ്യവസ്ഥയിൽ' എന്നത് ചട്ടത്തിൽ നിന്നും ഒഴിവാക്കുന്നതിനെ സംബന്ധിച്ച് നിയമവകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

14. ചട്ടം 6(1), 6(2) എന്നിവ പ്രകാരം 'ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയിൽ' പ്രവർത്തക ക്ഷേമനിധിയുടെ പേരിലും വ്യക്തിഗത കണക്കിലുമുള്ള തുക ആക്റ്റ് പ്രകാരമുള്ള ക്ഷേമനിധിയിലേക്ക് കൈമാറ്റം ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ സി.ഇ.ഒ. സ്വീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയതിന്റെ നിലവിലെ സ്ഥിതി സമിതി വിലയിരുത്തിയിരുന്നു. ആക്റ്റിലെ വ്യവസ്ഥയനുസരിച്ച് ഓരോ സാമ്പത്തിക വർഷവും അംഗങ്ങൾ ക്ഷേമനിധിയിലേക്ക് അംശദായമായി നൽകേണ്ട തുകയുടെ (50%) തുല്യമായ തുക സർക്കാർ അംശദായമായി നൽകേണ്ടതാണെന്നും എന്നാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കാരണം 20% മാത്രമേ സർക്കാർ വിഹിതമായി ഇപ്പോൾ ലഭിക്കുന്നുള്ളൂവെന്നും ബാക്കി വിഹിതം കൂടി അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് വനിത ശിശു വികസന വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. <u>സാമ്പത്തിക പ്രശ്നത്തിന്റെ പേരിൽ ധനകാര്യ വകുപ്പ്, പ്രസ്തുത ക്ഷേമനിധി</u>

വിഹിതം അടയ്ക്കാതിരിക്കുന്നത് ശരിയായ നടപടിയല്ലെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ, ബാക്കി വിഹിതമായ 30% കൂടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. ചട്ടം6(1)-ലെ 'പ്രവർത്തക ക്ഷേമനിധിയുടെ പേരിൽ ബാങ്ക്/ട്രഷറി മറ്റ് ഏജൻസികൾ എന്നിവിടങ്ങളിൽ നിക്ഷേപിച്ച എല്ലാ തുകകളും അവയുടെ പലിശയും ഉൾപ്പെടെ ഈ ആക്ട് പ്രാബല്യത്തിൽ വന്ന തീയതിയിൽ അതു പ്രകാരം രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിലേയ്ക്ക് കൈമാറ്റം ചെയ്യത് കിട്ടുന്നതിനുള്ള നടപടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.' എന്നത് 'ഈ ആക്ട് പ്രാബല്യത്തിൽ വന്ന തീയതിയിൽ പ്രവർത്തക ക്ഷേമനിധിയുടെ പേരിൽ ബാങ്ക്, ട്രഷറി, മറ്റ് ഏജൻസികൾ എന്നിവിടങ്ങളിൽ നിക്ഷേപിച്ച എല്ലാ തുകയും അവയുടെ പലിശയും ഉൾപ്പെടെ ആക്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിലേയ്ക്ക് കൈമാറ്റം ചെയ്യത് കിട്ടുന്നതിനുള്ള നടപടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

16. ചട്ടം 11(2)-ലെ 'യാത്രാപ്പടി' എന്നത് 'യാത്രാബത്ത' എന്നും 'ഹോണറേറിയം ' എന്നത് 'ഓണറേറിയം ' എന്നുമാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

17. ആക്ടിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, 'ആക്ട് പ്രാബല്യത്തിൽ വന്നതിനുശേഷം, കഴിയുന്നത്രവേഗം, സർക്കാർ, വിജ്ഞാപനം വഴി, "കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതും പദ്ധതി ആവിഷ്കരിച്ചതിനുശേഷം ഈ ആക്ടിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച്, "കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ടി പദ്ധതി രൂപീകരിച്ചിട്ടില്ല. ആക്ട് പ്രാബല്യത്തിൽ വന്ന് കഴിയുന്നത്ര വേഗം പദ്ധതി രൂപീകരിക്കണമെന്നാണ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നതിനാൽ പദ്ധതി തന്നെയാണ് ആദ്യം നിലവിൽ വരേണ്ടതെന്നും പദ്ധതിയിൽ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കണമെന്ന് ആക്ടിന്റെ ഷെഡ്യൂളിൽ വിശദമായി പ്രതിപാദിക്കുന്നുണ്ടെന്നും അതുകൊണ്ട് കഴിവതും വേഗം പദ്ധതി പ്രത്യേകമായി രൂപീകരിക്കേണ്ടതായിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ആക്ട് നിലവിൽ വന്ന് 7 വർഷം പിന്നിട്ടിട്ടും പദ്ധതി രൂപീകരിക്കാത്ത നടപടി ഒട്ടും ആശാസ്യമല്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, 'കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി പദ്ധതി' എത്രയും വേഗം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

18. ആക്ടിലെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ , ' ......... അനൗദ്യോഗിക അംഗങ്ങൾ ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് സ്ഥാനം വഹിക്കേണ്ടതാണ്.' എന്നും തുടർന്ന് 1-3-2019-ൽ പ്രസിദ്ധീകരിച്ച 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസിലെ 4-ാം ഖണ്ഡത്തിൽ 'അഞ്ചു വർഷക്കാലത്തേയ്ക്ക്' എന്ന വാക്കുകൾക്ക് പകരം

'മൂന്ന് വർഷക്കാലത്തേയ്ക്ക് ' എന്ന ഭേദഗതി വന്നിരുന്നതായും സമിതി മനസ്സിലാക്കുന്നു. അപ്രകാരം 2016 മാർച്ച് 4-ലെ ഗസറ്റ് വിജ്ഞാപനത്തിലൂടെ, ആക്റ്റിലെ 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് i, ii, iii ഖണ്ഡങ്ങൾ പ്രകാരം നിയമിക്കപ്പെട്ട അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി 2019 മാർച്ച് 3 വരെയാകാമെന്നും തുടർന്ന് പ്രസ്തുത എസ്.ആർ.ഒ. ഭേദഗതി ചെയ്ത് 385/2019-ാം നമ്പർ എസ്.ആർ.ഒ. പ്രസിദ്ധീകരിച്ചത് 2019 ജൂൺ 11-നാണെന്നും അപ്രകാരം ബോർഡ് രൂപീകരിക്കുന്നതിൽ ഏകദേശം മൂന്ന് മാസത്തെ കാലതാമസം വന്നതായും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത കാലയളവിൽ ബോർഡ് എപ്രകാരം പ്രവർത്തിച്ചുവെന്നും പ്രസ്തുത കാലതാമസത്തിന്റെ കാരണമെന്തെന്നും സമിതി ആരാഞ്ഞതിന്, പുതിയ ബോർഡ് രൂപീകരിച്ച് സർക്കാരിൽ നിന്നും ഉത്തരവ് ലഭിക്കുന്നതുവരെ അങ്കണവാടി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ ബോർഡ് പ്രവർത്തിച്ചിരുന്നുവെന്നും 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും വിവിധ തലങ്ങളിൽ വന്ന ബോധപൂർവ്വമല്ലാത്ത കാലതാമസവും കാരണമാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൽ കാലതാമസം നേരിട്ടതെന്നും വനിത ശിശു വികസന വകുപ്പിലെ ഉദ്യോഗസ്ഥർ വിശദമാക്കുകയുണ്ടായി. 2019 മാർച്ചിൽ ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച പെരുമാറ്റചട്ടം നിലവിൽ വന്നിട്ടില്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. പുതിയ ബോർഡ് രൂപീകരിച്ച് സർക്കാർ ഉത്തരവ് ലഭിക്കുന്നതുവരെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ബോർഡ് എടുത്ത തീരുമാനങ്ങൾക്ക് നിയമസാധുത ഉണ്ടോയെന്നും അപ്രകാരം പ്രവർത്തിക്കുന്നതിന് അദ്ദേഹത്തിന് നിയമപരമായി അധികാരമുണ്ടോയെന്നുമുള്ള വിഷയം വിശദമായി പരിശോധിച്ച് അടിയന്തരമായി മറുപടി നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

19. ആക്റ്റിന് അനുസൃതമായി ചട്ടങ്ങൾ പുറപ്പെടുവിക്കുമ്പോൾ ആക്റ്റിൽ പ്രതിപാദിക്കാത്ത വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾപ്പെടാതിരിക്കാൻ ജാഗ്രത പാലിക്കേണ്ടതാണ്. എസ്.ആർ.ഒ.-കളുടെ സൂക്ഷ്മപരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതി എത്തിച്ചേർന്ന നിഗമനങ്ങൾക്കും നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും സർക്കാർ സജീവ പരിഗണന നൽകി ശിപാർശകളിന്മേൽ എത്രയും വേഗം നടപടി സ്വീകരിക്കുമെന്ന പ്രതീക്ഷ സമിതിക്കുണ്ട്. പ്രസ്തുത ശിപാർശകൾ നടപ്പാക്കുന്നതിലൂടെ മേൽ എസ്.ആർ.ഒ.-കളിലെ ന്യൂനതകൾ പരിഹരിക്കപ്പെടുമെന്ന് സമിതി പ്രത്യാശിക്കുന്നു.

എം. എം. മണി,

ചെയർമാൻ,

*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,
2024 ജനുവരി 30.

അനുബന്ധം I

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2016 മാർച്ച് 4<br>4th March 2016<br>1191 കുംഭം 20<br>20th Kumbham 1191<br>1937 ഫാൽഗുനം 14<br>14th Phalguna 1937 | നമ്പർ<br>No. | [illegible] |

## GOVERNMENT OF KERALA

**Social Justice (B) Department**

NOTIFICATION

G. O. (P) No. 5/2016/SJD.

*Dated, Thiruvananthapuram, 4th March, 2016 / 20th Kumbham, 1191.*

**S. R. O. No. 254/2016.**—In exercise of the powers conferred by section 10 of the Kerala Anganawadi Workers' and Anganawadi Helpers' Welfare Fund Ordinance, 2016 (5 of 2016) the Government of Kerala hereby constitute the Kerala Anganawadi Workers' and Anganawadi Helpers' Welfare Fund Board for the Administration and Management of the Fund and to supervise and implement connected activities thereunder with the members mentioned below with effect from the date of publication of the notification, namely:—

SCHEDULE

| | | |
|---|---|---|
| 1. | Smt. K. P. Jalseemiya,<br>W/o Sri M. P. Hussain,<br>Manattupoil House, Naripoil,<br>Amarambalani P. O. 679 332 | .. Chairperson |
| 2. | Shri U. Pokker,<br>Jasmine Villa, Jayanthi Road,<br>Nallalam P. O., Kozhikode | .. Member |
| 3. | Shri Mathew Kulangara,<br>Kulangara House, Thuruthi P. O.,<br>Changanassery-686 535 | .. Member |
| 4. | Smt. P. Vijayamma,<br>'Thusharam', Health Centre Lane,<br>Sreekariyam P. O.,<br>Thiruvananthapuram-695 017 | .. Member |
| 5. | Smt. V. C. Karthyayani,<br>Kolany House, Karakkurussi P. O.,<br>Palakkad-678 595 | .. Member |
| 6. | Smt. C. H. Jameela,<br>Chekkidaparath House,<br>Munduparambu P. O.,<br>Malappuram | .. Member (expert) |
| 7. | Director, Social Justice Department | .. Member |
| 8. | Additional Secretary,<br>Social Justice Department | .. Member |
| 9. | An officer of Finance Department not below the rank of Deputy Secretary | .. Member |
| 10. | An officer of Law Department not below the rank of Joint Secretary | .. Member |
| 11. | Additional Director,<br>Social Justice Department | .. Chief Executive Officer. |

By order of the Governor,

A. SHAHJAHAN,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Sub-section (1) of section 10 of the Kerala Anganawadi Workers' and Anganawadi Helpers' Welfare Fund Ordinance, 2016 (5 of 2016) provides for the constitutions of the Kerala Anganawadi Workers' and Anganawadi Helpers' Welfare Fund Board. As per sub-section (3) of section 10 of the said Ordinance, the Board shall consist of a Chairperson nominated by the Government, four members representing Anganawadi Helpers', an expert having special knowledge in the matters relating to women and children and having sufficient skill to deal with the matters and five ex-officio members of whom an officer of the Social Justice Department not below the rank of the Additional Director shall be the Chief Executive Officer. Now, Government have decided to constitute the Kerala Anganawadi Workers' and Anganawadi Helpers' Welfare Fund Board with the members as specified therein.

This notification is intended to achieve the above object.

അനുബന്ധം II

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KI/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2019 ജൂൺ 11<br>11th June 2019<br>1194 ഇടവം 28<br>28th Idavam 1194<br>1941 ജ്യേഷ്ഠം 21<br>21st Jyaistha 1941 | നമ്പർ<br>No. | 1320 |

കേരള സർക്കാർ

സാമൂഹ്യ നീതി (ബി) വകുപ്പ്

വിജ്ഞാപനം

സ.ഉ .(അച്ചടി) നമ്പർ 7/2019/സാ.നീ.വ. *2019 ജൂൺ 1.*

തിരുവനന്തപുരം

**എസ്. ആർ. ഒ. നമ്പർ 385/2019**

2016-ലെ കേരള അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടേയും ക്ഷേമനിധി ആക്റ്റിലെ (2016-ലെ 10) 10-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങള് വിനിയോഗിച്ചുകൊണ്ട് 2016 മാർച്ച് 4-ാം തീയതിയിലെ സ. ഉ. (അച്ചടി) 05/2016/സാ.നീ.വ .നമ്പരായി പുറപ്പെടുവിച്ചതും 2016 മാർച്ച് 4-ാം തീയതിയിലെ 588-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ .നമ്പർ · 254/2016 ആയി

പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം സർക്കാർ താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത് : -

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ നിലവിലെ പട്ടികയ്ക്ക് പകരം താഴെ പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:-

"പട്ടിക

| | | |
|---|---|---|
| I | ശ്രീമതി വി. സി. കാർത്ത്യായനി,<br>കോളനി ഹൗസ്, കാരക്കുറിശി പി. ഒ,.<br>പാലക്കാട്-678 595 | ചെയർപേഴ്സൺ |
| II | അങ്കണവാടി വർക്കർമാരെയും അങ്കണവാടി ഹെല്പ്പർമാരെയും പ്രതിനിധീകരിക്കുന്ന അംഗങ്ങള് | |
| | 1. ശ്രീമതി മേരി ജോബ്<br>കൊണ്ടേക്കേരിൽ ഹൗസ്, നടുവിൽ പി.ഒ.,<br>കൊക്കായി, കണ്ണൂർ - 670 582 | അംഗം |
| | 2. ശ്രീമതി കെ. കെ. പ്രസന്നകുമാരി , തെക്കേപ്പുറത്ത് വീട്, ആതിര, കടവല്ലൂർ, എലവള്ളി പി.ഒ,<br>തൃശൂർ -680 511 | അംഗം |
| | 3. ശ്രീമതി കവിത സന്തോഷ്<br>ശ്രീ ഭവൻ, പുരവൂർ, ചിറയിൻകീഴ്,<br>തിരുവനന്തപുരം-695 304 | അംഗം |
| | 4. ശ്രീ. മാത്യു കുളങ്ങര<br>തുരുത്തി പി.ഒ., ചങ്ങനാശ്ശേരി, കോട്ടയം -686 535 | അംഗം |
| III | <u>വിദഗ്ദ്ധാംഗം</u><br>ഡോ. ടി. കെ. ആനന്ദി,<br>ഡി-6, ആൽഫ സ്പ്രിങ് ഫീൽഡ്,<br>ഈശ്വരവിലാസം റോഡ്, വഴുതക്കാട്,<br>തിരുവനന്തപുരം. | അംഗം (വിദഗ് ദ്ധ) |
| IV | ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് | അംഗം |
| V | അഡീഷണൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ് | അംഗം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| VI | ശ്രീമതി ബിന്ദു ഗോപിനാഥ്<br>അസിസ്റ്റന്റ് ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് | ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കേരള അംഗനവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ക്ഷേമനിധി ബോർഡ്-അംഗം |
| VII | ശ്രീമതി ഡി. കൃഷ്ണപ്രിയ,<br>ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് | അംഗം |
| VIII | ശ്രീ. ബി. പ്രതാപചന്ദ്രൻ,<br>ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ് | അംഗം" |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ബിജു പ്രഭാകർ,**

*സ്പെഷ്യൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2016-ലെ 10) 10-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2016 മാർച്ച് 4-ാം തീയതിയിലെ സ.ഉ.(അച്ചടി) 05/2016/സാ.നീ.വ. നമ്പരായി പുറപ്പെടുവിച്ചതും 2016 മാർച്ച് 4-ാം തീയതിയിലെ 588-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 254/2016 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളതാണ്. 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2019-ലെ 16) പ്രകാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആക്റ്റിലെ 10-ാം വകുപ്പിന്റെ (3) -ാം ഉപവകുപ്പില് ഖണ്ഡം (i v)-ൽ "സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ" എന്ന വാക്കുകൾക്ക് പകരം "വനിതാ ശിശു വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്നും 12-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി അഞ്ച് വർഷം എന്നത് മൂന്ന് വർഷമായി കുറച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനവും അതനുസരിച്ച് ഭേദഗതി ചെയ്യേണ്ടതായ ഒരു സാഹചര്യം വന്നിട്ടുള്ളതിനാല് പ്രസ്തുത വിജ്ഞാപനം അപ്രകാരം ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

G. O. (P) No. 7/2019/SJD.

*1st June, 2019*

*Thiruvananthapuram*

**S. R. O. No. 385/2019**

In exercise of the powers conferred by sub-section (1) of Section 10 of the Kerala Anganawadi Workers' and Anganawadi Helpers' Welfare Fund Act, 2016 (10 of 2016), the Government of Kerala hereby make the following amendments to the notification issued under G. O. (P) No. 05/2016/SJD dated 4th March, 2016 and published as S. R. O. No. 254/2016 in the Kerala Gazette Extraordinary No. 588 dated 4th March, 2016, namely: –

AMENDMENT

For the existing schedule to the said notification, the following schedule shall be substituted, namely: –

"SCHEDULE

| | | |
|---|---|---|
| I | Smt. V. C. Karthyayani,<br>Colony House, Karakkurissi P.O.,<br>Palakkad – 678 595 | Chairperson |
| II | Members representing Anganawadi Workers and Anganawadi Helpers | |
| | 1. Smt. Mary Job,<br>Kondekkeril House, Naduvil P.O.,<br>Kokkayi, Kannur – 670 582 | Member |
| | 2. Smt. K. K. Prasannakumari<br>Thekkeppurath Veedu, Athira,<br>Kadavallur, Elavalli P.O.,<br>Thrissur - 680 511 | Member |
| | 3. Smt. Kavitha Santhosh,<br>Sree Bhavan, Puravoor,<br>Chirayinkeezhu,<br>Thiruvananthapuram – 695 304 | Member |
| | 4. Sri Mathew Kulangara<br>Thuruthi. P.O., Changanasseri,<br>Kottayam – 686 535 | Member |
| III | Member (Expert)<br>Dr. T. K. Anandi,<br>D-6, Alpha Spring Field, Easwaravilasom Road,<br>Vazhuthacaud,<br>Thiruvananthapuram | Member (Expert) |
| IV | Director,<br>Women & Child Development Department | Member |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| V | Additional Secretary, Social Justice Department | Member |
| VI | Smt. Bindu Gopinath Assistant Director, Women & Child Development Department | Chief Executive Officer Kerala Anganawadi Workers & Anganawadi Helpers Welfare Board – Member |
| VII | Smt. D. Krishnapriya Joint Secretary, Finance Department | Member |
| VIII | Sri B. Pratapachandran Joint Secretary, Law Department | Member " |

By order of the Governor,

**BIJU PRABHAKAR,**
*Special Secretary.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The Kerala Anganawadi Workers' and Anganawadi Helpers' Welfare Fund Board was constituted as per sub-section (1) of section 10 of the Kerala Anganawadi Workers' and Anganawadi Helpers' Welfare Fund Act, 2016 (10 of 2016), vide notification issued under G. O. (P) No. 05/2016/SJD dated 4th March, 2016 and published as S.R.O. No. 254/2016 in the Kerala Gazette Extraordinary No. 588 dated 4th March, 2016. As per Kerala Anganawadi Workers' and Anganawadi Helpers' Welfare Fund (Amendment) Ordinance, 2019 (16 of 2019), in clause (iv) of sub-section (3) of section 10 of the Act, for the words "Director, Social Justice Department", the words "Director, Women and Child Development Department" was substituted and in clause (vi) of sub-section (3) of section 10 of the said Act, for the words, "an officer of the Social Justice Department not below the rank of Additional Director", the words " An officer of the Women and Child Development Department not below the rank of Assistant Director" was substituted and in sub-section (1) of section 12 of the said Act, the tenure of unofficial members was reduced to three years from five years. Hence it is necessary to amend the above said notification constituting the Kerala Anganawadi Workers' and Anganawadi Helpers' Welfare Fund Board in tune with the said amendments. Hence the Government have decided to amend the above said notification.

The notification is intended to achieve the above object.

---

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>അനുബന്ധം III</u>

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2020 ജനുവരി 16<br>16th January 2020<br>1195 മകരം 2<br>2nd Makaram 1195<br>1941 പൌഷം 26<br>26th Pousha 1941 | നമ്പർ<br>No. | 110 |

### കേരള സർക്കാർ

<u>സാമൂഹ്യനീതി (ബി) വകുപ്പ്</u>

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 1/2020/സാ.നീ.വ. *തിരുവനന്തപുരം, 2020 ജനുവരി 6*
*1195 ധനു 21.*

**എസ്. ആർ. ഒ. നമ്പർ 33/2020**

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2016-ലെ 10-ാം ആക്റ്റ്) 28-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഇതിനാൽ താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

"ആക്ട്" എന്നാൽ 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് (2016 ലെ 10) എന്നർത്ഥമാകുന്നു;

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും, എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, യഥാക്രമം, അവയ്ക്ക് ആക്റ്റിൽ നൽകപ്പെട്ടിട്ടുള്ള അർത്ഥം തന്നെയായിരിക്കുന്നതാണ്.

3. നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷ.—ശിശു വികസന പദ്ധതിയിൻകീഴിൽ സ്ഥിരനിയമനം ലഭിച്ചിട്ടുള്ള അങ്കണവാടി വർക്കർമാർക്കും അങ്കണവാടി ഹെൽപ്പർമാർക്കും അവർ പ്രവൃത്തി എടുത്തുവരുന്ന പ്രോജക്റ്റിലെ ശിശുവികസന പദ്ധതി ഓഫീസർ മുഖേന പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന ഫാറത്തിലും രീതിയിലും . അംഗത്വത്തിനായി അപേക്ഷിക്കാവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് അംഗത്വത്തിന് അർഹതയുള്ള പക്ഷം ബോർഡിന്റെ അംഗീകാരത്തോടുകൂടി അതതു സംഗതി പോലെ, അങ്കണവാടി വർക്കറെയോ, അങ്കണവാടി ഹെൽപ്പറെയോ അംഗമാക്കാവുന്നതാണ്. ഇപ്രകാരം അംഗത്വം നൽകിയവർക്ക് പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന പ്രകാരം അംഗത്വസർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും വിശദാംശങ്ങൾ രേഖപ്പെടുത്തിയ പാസ്ബുക്കും അനുവദിച്ച് നൽകേണ്ടതാണ്.

4. യാത്രാബത്ത, സിറ്റിംഗ് ഫീസ്, ദിനബത്ത, ഹോണറേറിയം.—(1) ബോർഡ് യോഗങ്ങളിൽ സംബന്ധിക്കുന്ന ഓരോ അനൗദ്യോഗിക അംഗത്തിനും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ സിറ്റിംഗ് ഫീസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) സർക്കാരിനെ പ്രതിനിധീകരിക്കുന്ന ഔദ്യോഗിക അംഗങ്ങൾക്കും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കും അവർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം യാത്രാപ്പടിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) ബോർഡ് ചെയർപേഴ്സണും അനൗദ്യോഗിക അംഗങ്ങൾക്കും ബോർഡ് യോഗത്തിൽ പങ്കെടുക്കുന്നതിന് സർക്കാരിലെ ഒന്നാം ഗ്രേഡ് ഓഫീസർക്ക് അനുവദനീയമായ നിരക്കിൽ യാത്രാപ്പടി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

5. <u>ഉദ്യോഗസ്ഥരുടെ നിയമനം</u>.—(1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:—(എ) വനിത ശിശു വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെയോ സംസ്ഥാന സർക്കാർ സർവ്വീസിൽ തത്തുല്യ പദവിയിലുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനെയോ അന്യത്രസേവന വ്യവസ്ഥയിൽ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സർക്കാരിന് നിയമിക്കാവുന്നതാണ്.

(ബി) ബോർഡിന്റെ പൊതു നിയന്ത്രണത്തിന് വിധേയമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബോർഡിന്റെയും നിധിയുടെയും പദ്ധതിയുടെയും ഭരണകാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

(2) മറ്റ് ഉദ്യോഗസ്ഥർ:—(എ) ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വേണ്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ സഹായിക്കുന്നതിനായി ബോർഡിന്റെ മുഖ്യകാര്യാലയത്തിൽ ഒരു സീനിയർ സൂപ്രണ്ട്, ഒരു ജൂനിയർ സൂപ്രണ്ട്, ഒരു ഫിനാൻസ് ഓഫീസർ, ഒരു ഹെഡ് അക്കൗണ്ടന്റ്, ഒരു കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഒരു ടൈപ്പിസ്റ്റ്, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു ഡ്രൈവർ എന്നിവരെയും കൂടാതെ അഞ്ച് ക്ലറിക്കൽ ഉദ്യോഗസ്ഥന്മാരെയും വനിത ശിശു വികസന വകുപ്പിൽ നിന്നോ സംസ്ഥാന സർക്കാരിന്റെ മറ്റേതെങ്കിലും വകുപ്പിലെ തത്തുല്യ പദവിയിൽ നിന്നോ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കാ വുന്നതാണ്.

(ബി) ബോർഡിന്റെ സർവ്വീസിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും ശമ്പളവും ആനുകൂല്യങ്ങളും അച്ചടക്കം സംബന്ധിച്ച വ്യവസ്ഥകളും മറ്റു സേവന വ്യവസ്ഥകളും അവർക്ക് അവരുടെ മാതൃവകുപ്പിൽ ബാധകമായ ചട്ടങ്ങൾ പ്രകാരം ആയിരിക്കുന്നതാണ്.

6. <u>നിലവിലുള്ള സഞ്ചിത തുക കൈമാറുന്നത് സംബന്ധിച്ച വ്യവസ്ഥകൾ</u>.—(1) പ്രവർത്തക ക്ഷേമനിധിയുടെ പേരിൽ ബാങ്ക്/ട്രഷറി മറ്റ് ഏജൻസികൾ എന്നിവിടങ്ങളിൽ നിക്ഷേപിച്ച എല്ലാ തുകകളും അവയുടെ പലിശയും ഉൾപ്പെടെ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയിൽ അതുപ്രകാരം രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിലേക്ക് കൈമാറ്റം ചെയ്ത് കിട്ടുന്നതിനുള്ള നടപടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) (1)-ാം ഉപചട്ടപ്രകാരം മാറ്റപ്പെടുന്ന തുകയിൽ അംഗങ്ങളുടെ വ്യക്തിഗത കണക്കിലുള്ള തുക ഈ ആക്റ്റ് പ്രകാരമുള്ള നിധിയിലേക്ക് അയാളുടെ കണക്കിൽ വരവ് വെച്ച് നൽകുന്നതിനുള്ള നടപടി ശിശു വികസന പദ്ധതി ഓഫീസറുമായി ബന്ധപ്പെട്ടുകൊണ്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നടത്തേണ്ടതാണ്.

(3) (2)-ാം ഉപചട്ടപ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന തുക സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടാകുന്നപക്ഷം അതിൻമേൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തീരുമാനം എടുക്കേണ്ടതും പ്രസ്തുത തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

7. <u>ക്ഷേമനിധിയുടെ കണക്കും ഓഡിറ്റും</u>.—ക്ഷേമനിധിയുടെ കണക്കുകൾ ബോർഡ് നിശ്ചയിക്കുന്ന ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെ നിയോഗിച്ച് ഓരോ വർഷവും ജൂൺ മാസം 30-ാം തീയതിക്ക് മുമ്പായി ഓഡിറ്റ് ചെയ്യേണ്ടതാണ്.

8. <u>ബഡ്ജറ്റ്</u>.—(1) എല്ലാ വർഷവും സെപ്റ്റംബർ 30-ാം തീയതിക്ക് മുൻപ് ബോർഡിന്റെ അടുത്ത സാമ്പത്തിക വർഷത്തിൽ ലഭിക്കാനിടയുള്ള അംശദായവും മറ്റ് വരുമാനങ്ങളും ക്ഷേമനിധി പദ്ധതികൾക്കും ഭരണ നിർവ്വഹണത്തിനും മറ്റുമുള്ള എല്ലാവിധ ചെലവുകളും കാണിക്കുന്ന ബഡ്ജറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തയ്യാറാക്കി ബോർഡിന്റെ അംഗീകാരം വാങ്ങേണ്ടതും തുടർന്ന് സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കേണ്ടതുമാണ്.

(2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തുക വിനിയോഗിക്കുമ്പോൾ അനുവദിച്ചിട്ടുള്ള മൊത്ത തുകയിൽ അധികരിക്കുവാൻ പാടുള്ളതല്ല.

9. <u>അക്കൗണ്ടിംഗ് സമ്പ്രദായം</u>.—(1) ബോർഡിന്റെയും ജില്ലാ ഓഫീസുകളിലെയും മറ്റെല്ലാ ഘടക ഓഫീസുകളിലെയും കണക്കുകൾ അക്കൗണ്ടിംഗ് മാന്വൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിലായിരിക്കും.

(2) ഓഡിറ്റ് സംബന്ധമായ ചെലവുകൾ ബോർഡിന്റെ അക്കൗണ്ടിൽനിന്നും ഭരണപരമായ ചെലവുകളിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

10. <u>തുക നിക്ഷേപിക്കൽ</u>.—(1) ക്ഷേമനിധിയുടെ പേരിൽ ലഭിക്കുന്ന എല്ലാ തുകകളും സർക്കാരിന്റെ അംഗീകാരത്തോടെ ഉയർന്ന പലിശ ലഭിക്കുന്ന തരത്തിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ ട്രഷറിയിലോ നിക്ഷേപിക്കേണ്ടതാണ്.

(2) പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ അക്കൗണ്ട് തുടങ്ങേണ്ടതാണ്.

(3) പെൻഷനും മറ്റ് ആനുകൂല്യങ്ങളും പ്രസ്തുത അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് അനുവദിച്ചു നൽകേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

11. <u>ക്ഷേമനിധിയിൽ നിന്നുള്ള ചെലവ്</u>.—(1) ക്ഷേമനിധിയിലേക്ക് അംഗങ്ങൾ നൽകുന്ന വിഹിതത്തിന്റെ പത്ത് ശതമാനത്തിൽ കവിയാത്ത തുക ബോർഡിന്റെ ഭരണപരമായ ചെലവുകൾക്കായി വിനിയോഗിക്കാവുന്നതാണ്.

(2) ബോർഡ് മെമ്പർമാരുടെ യാത്രാപ്പടി, ബത്ത, ഹോണറേറിയം, ഉദ്യോഗസ്ഥരുടെ ശമ്പളം, യാത്രാപ്പടി, പെൻഷൻ കോൺട്രിബ്യൂഷൻ, നിധിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനുള്ള ചെലവുകൾ, മറ്റ് ഓഫീസ് ചെലവുകൾ തുടങ്ങിയവ ക്ഷേമനിധിയുടെ ഭരണചെലവിൽ നിന്നും വഹിക്കേണ്ടതാണ്.

(3) ആക്റ്റിലും ഈ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടില്ലാത്ത യാതൊരു കാര്യത്തിനും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ നിധിയിൽ നിന്നും യാതൊരു തുകയും ചെലവാക്കാൻ പാടില്ലാത്തതാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബിജു പ്രഭാകർ,
*സെക്രട്ടറി*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2016-ലെ 10) 28-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിന് അധികാരം നൽകുന്നു. ഇപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/